# പരസ്യപ്പെടേ നന്മകൾ

സി.പി ഷഫീഖ് താനൂർ

عَنْ عُمرُ بن الخَطَّاب رَضيَ الله عَنْهُ قَالَ : قَالَ النَّبِي ﷺ : أَيُّمَا مُسْلم شَهَدَ لَهُ أَرْبَعَةٌ بخَيْرٍ أَدْخَلَهُ الله الْجَنَّة . فَقُلْنَا : وَثَلاثَةٌ ؟، قَالَ : و ثَلاثَةٌ . قُلْتُ : وَاثْنَان؟ قَالَ : وَاثْنَان . ثُمَّ لَمْ نَسْأَلُهُ عَنِ الْوَاحِدِ .

**ഉമറുബ്നുൽ ഖത്വാബി(റ)ൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: ഏതൊരു മുസ്ലിമും, അവൻ ചെയ്യുന്ന ഒരു സുകൃതത്തിന്/ നന്മക്ക് നാലാളുകൾ സാക്ഷികളായാൽ തൽഫലമായി അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കും. ഞങ്ങൾ ചോദിച്ചു: മൂന്ന് പേരാണെങ്കിലോ? അവിടുന്ന് പറഞ്ഞു: മൂന്ന് പേരാണെങ്കിലും. ഞങ്ങൾ ചോദിച്ചു: രണ്ട് പേരാണെങ്കിലോ? രണ്ട് പേരാണെങ്കിലും, തിരുമേനി പ്രതിവചിച്ചു. ശേഷം, ഒരാളാണെങ്കിലോ എന്ന് ഞങ്ങൾ ചോദിച്ചില്ല.** (സ്വഹീഹുൽ ബുഖാരി)

ഇസ്ലാം മുന്നോട്ട് വെക്കുന്ന സാമൂഹിക ക്രമത്തിന്റെ സൗന്ദര്യത്തെ വരച്ച് കാണിക്കുന്നതാണ് ഈ ഹദീസ്. നന്മകൾക്ക് ആഭിമുഖ്യമുണ്ടാകുന്ന ഒരു സംവിധാനമാണ് ഇസ്ലാമിക ദർശനം മുന്നോട്ട് വെക്കുന്നത്. ഇസ്ലാമിക ശരീഅത്തിന്റെ ആകത്തുകയും ഈ പൊതുനന്മയുടെ വഴി സുഗമമാക്കുന്ന സാഹചര്യത്തിന്റെ സൃഷ്ടിപ്പ് തന്നെയാണ്. നന്മയും വിശ്വാസവും ഒരാളുടെയും സ്വകാര്യസ്വത്തല്ല. സമൂഹത്തിന് അനുഭവവേദ്യമാകുന്നതിലൂടെയാണ് അവ മൂല്യവത്താകുന്നത്. വിശ്വാസ പ്രഖ്യാപനം മുതൽ വഴിയിലെ ഉപദ്രവം നീക്കൽ വരെ നന്മയാകുന്ന ചങ്ങലയിൽ അവ വിളക്കിച്ചേർക്കപ്പെട്ട കണ്ണികളായത് അതുകൊണ്ടാണ്.

നന്മകൾ സാമൂഹിക പ്രാധാന്യമുള്ളവയാണ്. അതിന്റെ പ്രസരണം ഒരു സമൂഹത്തിന്റെ നിർമിതിയുടെ അടിസ്ഥാനമത്രെ. തിന്മകൾ അഴിഞ്ഞാടുമ്പോൾ നന്മയുടെ ശേഷിപ്പുകളെ സംരക്ഷിക്കാനും പുതുനാമ്പുകളെ സമൂഹ മധ്യത്തിൽ നട്ടുപിടിപ്പിക്കാനുമുള്ള ശ്രമങ്ങൾ ധീരതയുടേതാണ്; ആത്മവിശ്വാസത്തിന്റേതാണ്; അതിനാൽ തന്നെ പ്രയാസകരവും! ഈ മാർഗത്തിൽ ഇറങ്ങിത്തിരിക്കുന്ന വിശ്വാസി സ്വർഗം കൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെടുന്നതും ഇതേ കാരണം കൊണ്ടാണ്.

خير എന്ന പദമാണ് ഹദീസിൽ പ്രയോഗിച്ചിരിക്കുന്നത്. എന്തെങ്കിലും പ്രത്യേക വിഷയത്തോടോ മേഖലയോടോ ബന്ധപ്പെടുത്താത്തതിനാൽ/ പരിമിതപ്പെടുത്താത്തതിനാൽ മൊത്തം നന്മയാണ് ഇതിന്റെ താൽപര്യം. വലതുകൈ നൽകുന്നത് ഇടതുകൈ അറിയാത്ത സ്വദഖയാണ് ഏറ്റവും ശ്രേഷ്ഠകരമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. ഈ നബിവചനം ഉയർത്തിപ്പിടിക്കുന്ന സുപ്രധാന മൂല്യം സ്വകാര്യതക്കുപരി സാമൂഹികതയാണെന്ന് കാണാനാകും. വ്യക്തികൾ വ്യക്തികൾക്ക് നൽകുന്ന ദാനം പരസ്യപ്പെടുത്തുന്നതിലൂടെ അത് വാങ്ങുന്നവനിലുണ്ടാകുന്ന വിധേയത്വം ഇല്ലാതാക്കലും വ്യക്തിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കലുമാണ് ഇതിലെ സാമൂഹികത. എന്നാൽ ഒരു രാഷ്ട്രമോ മറ്റ് കൂട്ടു സംവിധാനങ്ങളോ നൽകുന്ന സഹായങ്ങൾ ഒരു സുകൃതം എന്ന നിലക്ക് പരസ്യപ്പെടുത്താവുന്നതാണ്. ദാനധർമങ്ങൾ പരസ്യപ്പെടുത്തുന്നതിലും നിങ്ങൾക്ക് അനുഗ്രഹമുണ്ട് എന്ന ഖുർആനിക വചനം ഇതാണ് വ്യക്തമാക്കുന്നത്.

ഒരു സദ്വൃത്തി നാലാൾ കാൺകെ ചെയ്യുമ്പോൾ അത് മറ്റുള്ളവർക്ക് ആ വഴിയിൽ നടക്കാൻ പ്രേരണയാകും; ആ നന്മ ആരൊക്കെ പിന്തുടരുന്നുവോ അതിന്റെയൊക്കെ പ്രതിഫലത്തിലെ ഒരു പങ്ക് ഈ തുടക്കക്കാരന് ലഭിക്കും എന്നതിന് പുറമെ, ഇസ്ലാം മുന്നോട്ടുവെക്കുന്ന സാമൂഹിക ചട്ടക്കൂടിനെ ശക്തിപ്പെടുത്തൽ കൂടിയാണത്. 'നാലാളുകൾ' എന്ന പ്രയോഗം സമൂഹത്തെയാണ് കുറിക്കുന്നത്. മൂന്ന് പേരാണെങ്കിലോ, രണ്ട് പേരാണെങ്കിലോ എന്ന ഹദീസിലെ തുടർ ചോദ്യങ്ങൾ അതിലെ എണ്ണ വർധനവിലെ ശ്രേഷ്ഠതയെ വ്യക്തമാക്കുന്നുണ്ട്.

നന്മ നാലാൾ കാൺകെ ചെയ്യുന്നതിലൂടെ സ്വർഗപ്രവേശം സന്തോഷ വാർത്ത നൽകുന്ന ദീൻ തിന്മ നാലാളുകൾ കാണുന്നത് വരെ (സാമൂഹിക പ്രശ്നമായി ഉയരുന്നതുവരെ) അതിന്റെ പേരിൽ ഒരാൾക്ക് നേരെ ആരോപണങ്ങൾ ഉന്നയിക്കരുത് എന്ന് പറയുന്നത് ശ്രദ്ധേയമാണ്. എന്റെ അടിമ രാത്രി ഒരു തെറ്റ്ചെയ്തു, അങ്ങനെ നേരം പുലർന്നു, നാഥൻ അവന്റെ കാരുണ്യംകൊണ്ട് ആ തെറ്റ് അവന് പൊറുത്തുകൊടുത്തു, എന്നാൽ നേരം പുലർന്ന ശേഷം അവന്റെ തെറ്റ് തന്റെ കൂട്ടുകാരനുമായി പങ്കുവെച്ചു, അതിലൂടെ അവൻ വീണ്ടും തെറ്റുകാരനായി എന്ന ഖുദ്സിയായ ഹദീസും തിന്മയുടെ പ്രചാരം ഉണ്ടാക്കുന്ന അപകടങ്ങളിലേക്കാണ് സൂചന നൽകുന്നത്. തിന്മകൾ പരസ്യപ്പെടുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല എന്ന ഖുർആനിക സൂക്തം കേവല ധാർമിക വായനക്കുപരി സാമൂഹിക പ്രസക്തമാവുന്നത് ഇവിടെയാണ്.

നന്മയുടെ വിളംബരം കാലഘട്ടത്തിന്റെ താൽപര്യമാണ്. പരസ്യമാക്കപ്പെടുന്ന നന്മയിലൂടെ ഉദ്ഘോഷിക്കുന്നത് അത് ചെയ്യുന്നവന്റെ മഹത്വമല്ല; നന്മയുടെ മഹത്വമാണ്. വിചാരണ ചെയ്യപ്പെടേണ്ട തിന്മയിലൂടെ വെറുക്കേണ്ടത് അത് ചെയ്തവനെയല്ല, ആ തിന്മയെ തന്നെയാണ് എന്നപോലെത്തന്നെ. ഇങ്ങനെ സ്ഥാപിക്കപ്പെടുന്ന സുകൃതങ്ങൾക്ക് പിന്നിലെ നിസ്വാർഥമായ മനസാണ് വിശ്വാസിയെ അല്ലാഹുവിന്റെ യഥാർഥ പ്രതിനിധിയും സ്വർഗാവകാശിയുമാക്കുന്നത്. ●